**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1724** **08-10-2021 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റോഡ് അപകടങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച തുളസിദാസ് കമ്മീഷൻ റിപ്പോർട്ടിലും സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് രാധാകൃഷ്ണൻ റിപ്പോർട്ടിലും അപകടങ്ങളുടെ പ്രധാന കാരണം റോഡുകളുടെ ശോചനീയാവസ്ഥയാണെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; | (എ) | സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് രാധാകൃഷ്ണൻ റിപ്പോർട്ടിൽ അപകടങ്ങളുടെ പ്രധാന കാരണം റോഡുകളുടെ ശോചനീയാവസ്ഥയാണെന്ന് നിരീക്ഷിച്ചിട്ടുണ്ട്. |
| (ബി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതികൾ ആവിഷ്കരിക്കാതെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുമ്പോൾ സേഫ് കേരള എന്ന പേരിൽ മോട്ടോർവാഹന വകുപ്പിൽ 354 അധികതസ്തികകൾ സൃഷ്ടിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡു കളുടെ ഗുണനിലവാരം ഉയർത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>(1)ബ്ലാക്ക്സ്പോട്ട്പരിഹാര നടപടികൾ മുൻ വർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ച സംസ്ഥാനത്തെ ഏറ്റവും അപകടസാധ്യത കൂടിയ ഇടങ്ങളായ ബ്ലാക്ക് സ്പോട്ട് കണ്ടെത്തുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി, പഠനം നടത്തി വരുന്നു. റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള സുപ്രീം കോടതി കമ്മറ്റിയുടെയും കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക്ക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയും പോലീസും പൊതുമരാമത്ത് വകുപ്പിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സഹായത്തോടെ പരിശോധന നടത്തി പരിഹാര നിർദ്ദേശങ്ങൾ നാറ്റ്പാക്ക് മുഖാന്തിരം ക്രോഡീകരിച്ച്, റോഡ് സുരക്ഷയ്ക്ക് അത്യാവശ്യമായ പദ്ധതികൾ തയ്യാറാക്കി കേരള റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. (2) മാതൃകാ സുരക്ഷാ വീഥി സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ - കഴക്കൂട്ടം മാതൃകാ സുരക്ഷാ വീഥി. ചലഞ്ച് ഫണ്ട് |

ഉപയോഗിച്ച് താഴെ ചേർത്തിരിക്കുന്ന പദ്ധതികളും നടപ്പാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. (1) വൈപ്പിൻ -മുനമ്പം, എറണാകുളത്തെ ഇ-യാത്രാ പദ്ധതി (2) കൊട്ടിയം -കുണ്ടറ, കൊല്ലം ജില്ല (3) മെഡിക്കൽ കോളേജ്-പേട്ട, തിരുവനന്തപുരം (4) പാവങ്ങാട് - കോരപ്പുഴ, കോഴിക്കോട് ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി തിരുത്തുക, റോഡുകളുടെ പട്രോളിംഗ് ശക്തിപ്പെടുത്തുക, മദ്യപിച്ച് വാഹനമോടിക്കൽ, അമിതവേഗം, റെഡ് ലൈറ്റ് ജമ്പിംഗ്, ഹെൽമറ്റ്/ സീറ്റ് ബെൽറ്റ് തുടങ്ങിയ നിയമലംഘനങ്ങൾ കണ്ടെത്തുക എന്നീ നിർദ്ദേശങ്ങൾ 23/12/2014 ന് SCCoRS നൽകിയിട്ടുണ്ട്. (3) സ്കൂൾ സുരക്ഷാ മേഖല കുട്ടികൾക്ക് സ്കൂളിലേക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് " സേഫ് സ്കൂൾ സോൺ“ സ്കൂൾ മേഖല അപകടരഹിതമാക്കുന്നതിനും കുട്ടികളുടെ സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനും വേണ്ടി നടപ്പാതകൾ, കൈവരികൾ, സീബ്രാ ക്രോസ്സിംഗ്, ആവശ്യമായ സൈൻ ബോർഡുകളും, മാർക്കിംഗുകളും നടപ്പിലാക്കുന്നതിനാണ് പദ്ധതി. ആദ്യഘട്ടമായി സംസ്ഥാനത്ത് ഉടനീളമുള്ള തിരഞ്ഞെടുത്ത 50 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനായി റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചിട്ടുണ്ട്. കാൽനട യാത്രക്കാരും സ്കൂൾ കുട്ടികളും ഉൾപ്പെടുന്ന അപകടം കുറയ്ക്കാൻ ഈ പദ്ധതികൊണ്ട് സാധിക്കും. (4)അപകട മേഖലകളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കുന്നത് റോഡ് സുരക്ഷയ്ക്കായുള്ള സുപ്രീംകോടതി കമ്മിറ്റി നിർദ്ദേശം പ്രകാരം സംസ്ഥാനത്തെ മലയോരപാതകളിലും, മറ്റു അപകട മേഖലയുള്ള പാതകളിലും അടിയന്തിരമായി ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ്. പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) വിഭാഗം നിലവിൽ ക്രാഷ് ബാരിയർ ആവശ്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി മുൻഗണന ക്രമത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നു. (5) ഡിഫൻഡർ ട്രോമ കിറ്റ് ട്രാഫിക് അപകടത്തിൽപ്പെട്ടവരുടെ ജീവൻ രക്ഷിക്കാൻ ഹൈവേ പട്രോളിംഗ് വാഹനങ്ങളിൽ ഡിഫൻഡർ ട്രോമ കിറ്റ് വാങ്ങുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് നൽകി വരുന്നു. (6)എൻഫോഴ്സ്മെന്റ് ഏജൻസികൾക്ക് നൽകുന്ന സാമ്പത്തിക പിന്തുണ NH,SH റോഡുകളിൽ പട്രോളിംഗ് ശക്തിപ്പെടുത്തുക എന്നതാണ് സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് രാധാകൃഷ്ണൻ

| | | | |
|---|---|---|---|
| | | | അദ്ധ്യക്ഷനായ കമ്മിറ്റിയുടെ മറ്റൊരു സുപ്രധാന നിർദ്ദേശമാണ്. കൂടാതെ മദ്യപിച്ച് വാഹനമോടിക്കൽ, അമിതവേഗം, റെഡ് ലൈറ്റ് ജമ്പിംഗ്, ഹെൽമറ്റ് / സീറ്റ് ബെൽറ്റ് നിയമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് പോലീസ് വകുപ്പിനും, മോട്ടോർ വാഹന വകുപ്പിനും കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും ഫണ്ട് നൽകി വരുന്നു. ശരിയായ പട്രോളിംഗ് ഉറപ്പാക്കാൻ വാഹനങ്ങൾ വാങ്ങുന്നതിന് പോലീസ് വകുപ്പിന് ഫണ്ട് നൽകിയിട്ടുണ്ട്. (7) റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ വിവിധ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ അഭ്യർത്ഥന പ്രകാരം ടേബിൾടോപ് പെഡസ്ട്രിയൻ ക്രോസ്, ബസ്സ്റ്റോപ്പുകൾ, സീബ്രാ ക്രോസിംഗ്, മുന്നറിയിപ്പ് ബ്ലിങ്കറുകൾ സിഗ്നൽലൈറ്റുകൾ, സൈൻബോർഡുകൾ, ഫുട്പാത്ത് ഹാൻഡ് റെയിൽ മുതലായ റോഡ് സുരക്ഷാ ഇനങ്ങൾക്ക് റോഡ് സുരക്ഷാ ഫണ്ട് നൽകിവരുന്നു. (8) സേഫ് കേരള പദ്ധതി റോഡ് സുരക്ഷയ്ക്ക് വേണ്ടിയുള്ള സുപ്രീംകോടതി കമ്മിറ്റി സംസ്ഥാനങ്ങളോട് ഗതാഗത നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നത് പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് " സേഫ് കേരള പദ്ധതി"റോഡ് സുരക്ഷിതമാക്കാൻ അന്താരാഷ്ട്രതലത്തിൽ അംഗീകരിച്ചിട്ടുള്ള മൂന്ന് പ്രധാന പ്രവർത്തന മേഖലകളാണ്, 3E's എന്ന് അറിയപ്പെടുന്ന Engineering, Enforcement, Education എന്നിവ സേഫ് കേരള പദ്ധതി ആവിഷ്കരിക്കുക വഴി റോഡ് സുരക്ഷയ്ക്ക് ആവശ്യമായ എൻഫോഴ്സ്മെന്റ് ഘടകം ഉറപ്പ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ